## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2964 — 13/03/2018-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷന്റെ ഭാഗമായുള്ള വീടുനിർമ്മാണം

| | ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലൈഫ് മിഷന്റെ ഭാഗമായി സംസ്ഥാനത്ത് വീടില്ലാത്തവരെ കണ്ടെത്തുന്നതിനുള്ള സർവ്വെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | സർവ്വേ നടപടി പൂർത്തിയായിട്ടുണ്ട്. ആയതിന്റെ ആദ്യലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം തദ്ദേശസ്ഥാപനതല കമ്മിറ്റിക്കും കളക്ടർമാർക്കും അപ്പീൽ നൽകുന്നതിനുള്ള സംവിധാനം പൂർത്തിയാക്കി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്ത വാസയോഗ്യമായ വീടില്ലാത്തവരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. എന്നാൽ അംഗീകരിക്കപ്പെട്ട പട്ടികയിലുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയശേഷം മാത്രമേ രണ്ടാംഘട്ട പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുകയുള്ളു. |
| (സി) | ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിക്കുന്ന വീടുകളുടെ പണി എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് അറിയിക്കാമോ ? | (സി) | ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ആയത് 2018 മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകി 2018 ഏപ്രിൽ 1-ന് നിർമ്മാണം ആരംഭിച്ച് 2019 മാർച്ച് 31-ന് തീർപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ